**ഇന്ത്യാ - ചൈന അതിർത്തികാര്യ ചർച്ചകൾക്കും സഹകരണത്തിനുമുള്ള പ്രവർത്തന സംവിധാനത്തിന്റെ നാലാം യോഗം**

സെപ്തംബർ 30, 2013

1. ഇന്ത്യാ - ചൈന അതിർത്തികാര്യ ചർച്ചകൾക്കും സഹകരണത്തിനുമുള്ള പ്രവർത്തന സംവിധാനത്തിന്റെ നാലാം യോഗം സെപ്തംബർ 29-30 September തീയതികളിൽ (സെപ്തംബർ 29 -30 , 2013 ) ബെയ്ജിംഗിൽ നടന്നു. വിദേശകാര്യ ആഭ്യന്തര കാര്യം , പ്രതിരോധം എന്നീ മന്ത്രാലയങ്ങൾ , ഇന്ത്യൻ സൈന്യം, ഇന്തോ- ടിബറ്റന് അതിർത്തി പോലീസ് എന്നിവിടങ്ങളില് നിന്നുമുള്ള പ്രതിനിധികൾ ഉൾപ്പെടുന്ന ഇന്ത്യന് സംഘത്തെ ജോയിന്റ് സെക്രട്ടറി
( കിഴക്കൻ ഏഷ്യ ) ശ്രീ ഗൌതം ബംബാവാലെ നയിച്ചു. ചൈനയുടെ ദേശീയ പ്രതിരോധം ,വിദേശ കാര്യാലയ മന്ത്രാലയങ്ങൾ എന്നിവയില് നിന്നുമുള്ള പ്രതിനിധികള് ഉൾപ്പെടുന്ന ചൈനയുടെ സംഘത്തെ നയിച്ചത് വിദേശകാര്യ മന്ത്രാലയം ,അതിർത്തി സമുദ്രകാര്യ വകുപ്പ് ഡയറക്ടര് ജനറൽ ശ്രീ ഔയാങ് യൂജിങ് (Mr. Ouyang Yujing, Director General, Department of Boundary and Oceanic Affairs, Ministry of Foreign Affairs ) ആയിരുന്നു . വിദേശകാര്യ ഉപ മന്ത്രി ശ്രീ ലിയു ഷെൻമിനുമായി ഇന്ത്യന് പ്രതിനിധികള് കൂടിക്കാഴ്ച നടത്തി .

2. ചർച്ചകള് വളരെ സുതാര്യവും പ്രവൃത്തിപരമായതും ശുഭാപ്തി വിശ്വാസമുള്ള അന്തരീക്ഷത്തിലും ആയിരുന്നു. അടുത്തയിടെ ഇന്ത്യാ ചൈന അതിർത്തിയില് നടന്ന

കാര്യങ്ങൾ പ്രത്യേകിച്ചും പശ്ചിമ മേഖലയില് നടന്നവ അവലോകനം ചെയ്യവേ ഇന്ത്യാ- ചൈന ബന്ധങ്ങളുടെ തുടര് വികസനത്തിന്റെ അടിസ്ഥാനം തന്നെ അതിർത്തിയിലെ സമാധാനവും ശാന്തിയും ആണെന്ന് ഇരു വിഭാഗത്തിലെയും പ്രതിനിധികൾ പറഞ്ഞു. ഇതുമായി ചേർന്ന് അതിർത്തിയില് സ്ഥിരത ഉറപ്പ് വരുത്തുവാൻ നിലവിലുള്ള തിരിച്ചറിവുകള് , സൌകര്യങ്ങൾ എന്നിവയിൽ അടിസ്ഥാനമാക്കികൊണ്ടുള്ള കാര്യങ്ങൾ ഇരു വിഭാഗവും ചർച്ച.

3. പ്രവർത്തന സംവിധാനത്തിന്റെ അഞ്ചാമത് യോഗം ഇന്ത്യയിൽ വച്ച് പരസ്പരം സൌകര്യപ്രദമായ തീയതിയില് നടക്കും .

.

ന്യൂഡെൽഹി
സെപ്തംബർ 30, 2013